കേരള സർക്കാർ

നം.സി.എം.സി.സി-4/4/2023/സി.എം.സി.സി.

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ,
തിരുവനന്തപുരം
തീയതി: 10.07.2023

## പരിപത്രം

**വിഷയം** : മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ - സി.എം.ഒ. പോർട്ടൽ - ബഹു. മുഖ്യമന്ത്രി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കൈമാറുന്ന പരാതികളിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

**സൂചന** : 05.08.2020-ലെ സി.എം.സി.സി-4/62/2020-സി.എം.സി.സി. നമ്പർ പരിപത്രം.

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ സി.എം.ഒ. പോർട്ടൽ മുഖേന വകുപ്പ് സെക്രട്ടറിമാർക്ക് കൈമാറുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ പരിപത്രം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പോർട്ടലിൽ കൂടി കൈമാറുന്ന പരാതികൾ സംബന്ധിച്ച റിപ്പോർട്ടുകളും മറ്റ് കത്തിടപാടുകളും പോർട്ടലിലൂടെ അല്ലാതെ നേരിട്ടോ, തപാലിലൂടെയോ, മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിലേയ്ക്ക് അയക്കുവാൻ പാടില്ലെന്ന് പ്രസ്തുത പരിപത്രത്തിലെ ഇനം 14-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ, പല വകുപ്പുകളിൽ നിന്നും റിപ്പോർട്ടുകളും, പരാതിക്കാർക്ക് നൽകിയ മറുപടിയുടെ പകർപ്പും, നേരിട്ടും, തപാൽ വഴിയും, ഇ-ഓഫീസ് (Intra communication/Receipt) വഴിയും, ഇ-മെയിൽ വഴിയും മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിലേയ്ക്ക് അയക്കുന്നതായി കാണുന്നു. ഇത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സി.എം.ഒ. പോർട്ടൽ വഴി കൈമാറുന്ന പരാതികൾ സംബന്ധിച്ച റിപ്പോർട്ടുകളോ, പരാതിക്കാർക്ക് നൽകിയ മറുപടിയുടെ പകർപ്പോ യാതൊരു കാരണവശാലും നേരിട്ടും, തപാൽ വഴിയും, ഇ-ഓഫീസ് (Intra office communication/Receipt) വഴിയും ഇ-മെയിൽ വഴിയും മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിലേയ്ക്ക് അയക്കാൻ പാടുള്ളതല്ലായെന്ന് കർശന നിർദ്ദേശം നൽകുന്നു.

റോബർട്ട് ഫ്രാൻസിസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

സി.എം.ഒ. പോർട്ടലിന്റെ ചുമതലയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും